(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സഹായത്തോടെ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കുമ്പാറ - ആനക്കല്ലുംപാറ - അകമ്പുഴ - കക്കാടംപൊയിൽ റോഡ് നിർമ്മാണത്തിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിന് സർക്കാർ ഇൻ -പ്രിൻസിപ്പിൽ സാങ്ഷൻ നൽകിയിട്ടുണ്ട്. അതിൻപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് എത്രയും വേഗം നബാർഡിന് സർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നബാർഡിന്റെ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സഹായത്തോടെ അനുമതി ലഭിച്ച പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. പുല്ലൂരാൻപാറ-പുന്നയ്ക്കൽ-കൂടരഞ്ഞി റോഡിലെ മുള്ളൻകടവിലും മഞ്ഞപ്പോയിലും പാലം നിർമ്മാണം
2. കല്ലാച്ചി - വളയം - ചുഴലി - പുതുക്കയം റോഡ് പരിഷ്കരണം.
3. കല്ലാച്ചി വിലങ്ങാട് റോഡ് പണി
4. മേലെകുരുടൻ കടവ് പാലം പണി
5. ബേപ്പൂർ - ചെറുവണ്ണൂർ റോഡ് പണി

മേൽപ്പറഞ്ഞവയിൽ 1 മുതൽ 4 വരെയുള്ള പണികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 5-ാമത്തെ പണിയുടെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്നു.

ഓവുങ്ങര ഭാഗത്തെ അപകടങ്ങൾ

221 (4575) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 212-ൽ കാരന്തൂരിനും കുന്ദമംഗലത്തിനും ഇടയിലുള്ള ഓവുങ്ങര ഭാഗത്ത് വർഷങ്ങളായി സ്ഥിരമായി ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപകടം പതിവായ ഈ ഭാഗത്ത് എന്ത് പരിഹാര മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.എച്ച്. 212-ലെ പ്രസ്തുത ഭാഗത്ത് വീതി കുറവും കയറ്റിറക്കം ഉള്ളതുമാണ്. ഈ ഭാഗം വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമേ ഇതിന് പരിഹാരമാവുകയുള്ളൂ. NHDP Phase IV-ൽ ഉൾപ്പെടുത്തി NH 212 വീതി കൂട്ടി പേവ്ഡ് ഷോൾഡറോഡ് കൂടിയ രണ്ട് വരിപ്പാതയാക്കി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ട പഠനത്തിനായി കേന്ദ്ര ഗതാഗത മന്ത്രാലയം കൺസൾട്ടൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി ഇതിന് ശാശ്വത പരിഹാരമാകുന്നതാണ്.

തിരൂർ - പൊൻമുണ്ടം ബൈപ്പാസിന്റെ - പൊൻമുണ്ടം ഭാഗത്തെ പ്രവൃത്തി

222 (4576) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ -പൊൻമുണ്ടം ബൈപ്പാസിന്റെ പൊൻമുണ്ടം ഭാഗത്തെ പ്രവൃത്തി സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) നേരത്തെയുണ്ടായിരുന്ന കരാറുകാരനെ ടെർമിനേറ്റ് ചെയ്തശേഷം പുതിയ ടെണ്ടർ വിളിച്ചുകയുണ്ടായോ എന്നറിയിക്കുമോ ;

(സി) എങ്കിൽ എന്നാണ് ടെണ്ടർ ചെയ്തത് ; എത്രയാണ് എസ്റ്റിമേറ്റ് തുക ; ടെണ്ടർ ചെയ്തിട്ടില്ലെങ്കിൽ എന്നത്തേക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ പ്രവൃത്തി എന്നത്തേക്കാരംഭിക്കാനാകും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) ടി റോഡിന്റെ പണികളുടെ നിലവിലുള്ള കരാർ 3-5-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 732/10/പൊ.മ.വ. പ്രകാരം റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി അവസാനിപ്പിക്കുകയുണ്ടായി. തുടർന്ന് 2010-ലെ പുതിയ നിരക്കനുസരിച്ച് ബാക്കി പ്രവൃത്തിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly